(ബി) ഇതിൽ ഏതൊക്കെ പഞ്ചായത്തുകളെയാണ് സുനാമി ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ളത്;

(സി) വളരെയധികം നാശനഷ്ടങ്ങൾ ഉണ്ടായ കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്തിനെ സുനാമി ദുരന്തബാധിത പഞ്ചായത്തുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിനെ ദുരിത ബാധിത പ്രദേശമായി പ്രഖ്യാപിക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) നൂമാഹി, പിണറായി, ധർമ്മടം, മുഴപ്പിലങ്ങാട്, എടക്കാട്, അഴീക്കോട്, പാപ്പിനിശ്ശേരി, കണ്ണപുരം, ചെറുകുന്ന്, വളപട്ടണം, മാടായി, മാട്ടൂൽ, നാറാത്ത്, ചിറക്കൽ, എളയാവൂർ, മാമന്തളി, ഏഴോം, കുഞ്ഞിമംഗലം എന്നീ പഞ്ചായത്തുകളിൽ.

(ബി) മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ പഞ്ചായത്തുകളെയും ദുരന്ത ബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി ആന്റ് ഡി) കല്ല്യാശ്ശേരി പഞ്ചായത്തിലെ ഇരിക്കാവ് വില്ലേജിലുള്ള മടക്കര ഗ്രാമപഞ്ചായത്ത് സുനാമിയെ തുടർന്ന് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തിനെ ദുരിതബാധിത പ്രദേശമായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

കർഷകരുടെ ആത്മഹത്യയും ആശ്വാസ നടപടികളും

101 [106] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ എത്ര കൃഷിക്കാർ സംസ്ഥാനത്ത് ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ 2001 മേയ് മുതൽ 2004 ആഗസ്റ്റ് 31 വരെയും 2004 സെപ്റ്റംബർ 1 മുതൽ ഡിസംബർ 31 വരെയും എത്ര പേർ ആത്മഹത്യ ചെയ്തു എന്ന് കണക്ക് നൽകുമോ;

(സി) ഇതുവരെ ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബങ്ങൾക്ക് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് ഇതുവരെ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബങ്ങളെ സഹായിക്കാൻ കേന്ദ്ര സർക്കാരിൽനിന്ന് എന്തൊക്കെ സഹായങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കൃഷിക്കാരുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സംസ്ഥാന ഗവൺമെന്റിനോട് എന്തൊക്കെ സഹായങ്ങളാണ് കർഷക കുടുംബങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ജി) സംസ്ഥാന ഗവൺമെന്റ് കൃഷിക്കാരുടെ ആത്മഹത്യ സംബന്ധിച്ച വ്യക്തമായ റിപ്പോർട്ട് നൽകിയിട്ടില്ലെന്ന കേന്ദ്ര സർക്കാരിന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്രത്തിന് നൽകിയ റിപ്പോർട്ടിന്റെയും നിവേദനത്തിന്റെയും കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ 2001 മുതൽ 2004 വരെ സംസ്ഥാനത്ത് 213 കർഷർ ആത്മഹത്യ ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) 2001 മുതൽ 2004 വരെ സംസ്ഥാനത്ത് 213 കർഷർ ആത്മഹത്യ ചെയ്തിട്ടുണ്ട്. 2001 മേയ് മുതൽ സെപ്റ്റംബർ വരെയും 2004 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുമുള്ള കണക്ക് പ്രത്യേകമായി ശേഖരിച്ച് നൽകുന്നതാണ്.

(സി) ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ഡി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഇ) 106 കോടി രൂപ ഇപ്പോൾ കേന്ദ്ര ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ കുരുമുളകിന്റെയും കശുവണ്ടിയുടെയും റീപ്ലാന്റിംഗിന് 30 കോടി രൂപ അനുവദിച്ചിട്ടുള്ളതിന്റെ ആദ്യ പടിയായി 10 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(എഫ്) ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് അടിയന്തിരമായ സാമ്പത്തിക സഹായം നൽകുക, അവരുടെ എല്ലാവിധ ബാങ്ക് വായ്പകളും എഴുതി തള്ളുക, കാർഷിക വായ്പ എഴുതി തള്ളുക തുടങ്ങിയ ആവശ്യങ്ങളാണ് കർഷക കുടുംബങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളത്.

(ജി) കേന്ദ്ര ഗവൺമെന്റിനു നൽകിയ നിവേദനത്തിൽ കർഷകരുടെ ആത്മഹത്യയെ സംബന്ധിച്ച വ്യക്തമായ റിപ്പോർട്ട് നൽകിയിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു. ††

---

* അനുബന്ധം V കാണുക.

† അനുബന്ധം V (എ) കാണുക.

†† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly